(സി) അതിനുശേഷം ഇതുവരെയായി എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) ഇതുവരെയായി എത്രപേർക്ക് പരിശീലനം നൽകിയിട്ടുണ്ട്;

(ഇ) ഒരേസമയം എത്ര പേർക്ക് പരിശീലനം നൽകുന്നതിനുള്ള സൗകര്യമാണ് ട്രെയിനിംഗ് സെന്ററിലുള്ളത്;

(എഫ്) ഇനി എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്ന് അറിയിക്കുമോ;

(ജി) റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കും മുമ്പ് മുഴുവൻ ഒഴിവുകളും റിപ്പോർട്ട് ചെയ്ത് പരിശീലനം ആരംഭിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 190 ഒഴിവുകൾ.

(സി) 380 ഒഴിവുകൾ.

(ഡി) 570 പേർക്ക്.

(ഇ) 200 പേർക്ക്.

(എഫ്) ഇപ്പോൾ ഒഴിവുകൾ ഇല്ല.

(ജി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

92 (92) എസ്.എ.പി. ബറ്റാലിയൻ പരിശീലനത്തിന് നിശ്ചയിച്ചിട്ടുള്ള സ്ഥലം

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസ് എസ്.എ.പി. ബറ്റാലിയനിലേയ്ക്ക് 1998 നവംബറിൽ പി.എസ്.സി. അഡ്വൈസ് ചെയ്ത 715 പോലീസ് കോൺസ്റ്റബിൾമാർക്ക് പരിശീലനം നൽകുവാൻ തിരുവനന്തപുരം എസ്.എ.പി. ക്യാമ്പിൽ സൗകര്യമുണ്ടായിട്ടും മലപ്പുറം ജില്ലയിലെ പാണ്ടിക്കാട്ടുള്ള (കളപ്പറമ്പ്) എം.എസ്.പി. ക്യാമ്പിൽ പരിശീലനം നൽകുവാൻ തീരുമാനിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) ജലദൗർലഭ്യമുൾപ്പെടെ വളരെയേറെ ബുദ്ധിമുട്ടുകളുള്ള പാണ്ടിക്കാട് എം.എസ്.പി. ക്യാമ്പിൽ പരിശീലനം നൽകാൻ തീരുമാനിച്ചതു മൂലം ഭീമമായ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ 715 പേരേയും തിരുവനന്തപുരം എസ്.എ.പി. ക്യാമ്പിലേയ്ക്ക് മാറ്റുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1.12.98-ൽ പരിശീലനത്തിനായി 684 റിക്രൂട്ട് പി.സി.മാരെ പാണ്ടിക്കാട്ടെ ക്യാമ്പിലേയ്ക്ക് അയയ്ക്കുകയുണ്ടായി. തിരുവനന്തപുരം എസ്.എ.പി. ക്യാമ്പിലുള്ള താമസസൗകര്യത്തിന്റെയും അടിസ്ഥാനസൗകര്യത്തിന്റെയും അപര്യാപ്തതയാണ് ഇതിനുകാരണം.

(ബി) ഇല്ല.

(സി) ഇക്കാര്യം പരിഗണനയിലില്ല.

93 (93) ആംഡ് പോലീസ് ഇൻസ്പെക്ടർമാരുടെ യാത്രാ ബത്ത

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആംഡ് പോലീസ് സബ് ഇൻസ്പെക്ടർമാരുടെ പ്രതിമാസ ടി.എ./ഡി.എ. എത്രയാണ്;

(ബി) ഇതിന്റെ 50 ശതമാനം മാത്രം ലഭിക്കുന്ന ഏതെങ്കിലും ആംഡ് പോലീസ് ബറ്റാലിയൻ യൂണിറ്റ് സംസ്ഥാനത്ത് നിലവിലുണ്ടോ; എങ്കിൽ ഏത് യൂണിറ്റാണെന്നും ഇതിനുള്ള കാരണമെന്താണെന്നും വെളിപ്പെടുത്തുമോ;

(സി) എല്ലാ ആംഡ് പോലീസ് ബറ്റാലിയൻ യൂണിറ്റുകളിലെ സബ് ഇൻസ്പെക്ടർമാർക്കും ഒരേ നിരക്കിൽ ടി.എ./ഡി.എ. അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അടിസ്ഥാന ശമ്പളം 1600 ഉം അതിൽ കൂടുതലുള്ള പി.ടി.എ. ലഭിക്കാത്ത എ.പി.എസ്.ഐ.മാർക്ക് 460 രൂപയും 1600 രൂപയിൽ കുറവായ അടിസ്ഥാന ശമ്പളമുള്ള പി.ടി.എ. ലഭിക്കാത്ത എ.പി.എസ്.ഐ.മാർക്ക് 430 രൂപയും പ്രതിമാസ ടി.എ. ലഭിക്കുന്നു. പി.ടി.എ. ലഭിക്കുന്നവർക്ക് ഇവ യഥാക്രമം 315 ഉം 270 ഉം രൂപ നിരക്കിലാണ് ലഭിക്കുന്നത്.

(ബി) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

94 (94) ക്രൈം റിക്കോഡ്സ് ബ്യൂറോയിൽ ഉദ്യോഗസ്ഥരുടെ നിയമനം

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ എത്രപേർ ക്രൈം റിക്കോഡ്സ് ബ്യൂറോയിൽ ജോലി ചെയ്യുന്നു;

(ബി) ഇത്രയും ജീവനക്കാരുടെ ആവശ്യം അവിടെയുണ്ടോയെന്ന് കണക്കാക്കിയിട്ടുണ്ടോ; അവിടത്തെ വർക്ക് ലോഡ് അസസ്സ് ചെയ്തതിനുശേഷമാണോ ഇത്രയുംപേരെ അവിടെ നിയമിച്ചിട്ടുള്ളത്; എങ്കിൽ ഇതുസംബന്ധിച്ച വിവരം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly